DESPATCHED
On 08/06/2020
28.2.20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2653*(2)/2015*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 18661/*എസ്.ഐ.സി–ജി 6/2015*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ.എ.എച്ച്.ഹഫീസ്,<br>പി.ബി.നം.174, ജനറൽ പോസ്റ്റോഫീസ്,<br>തിരുവനന്തപുരം.** | **അപ്പീൽ ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| **1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,<br>ഡി.സി.ആർ.ബി, തിരുവനന്തപുരം റൂറൽ.<br><br>2. അപ്പീൽ അധികാരി &<br>ജില്ലാ പോലീസ് മേധാവി,<br>ജില്ലാ പോലീസ് ഓഫീസ്, തിരുവനന്തപുരം റൂറൽ,<br>എതിർവശം -കെ.എസ്.ആർ.ടി.സി ഡിപ്പോ,<br>പി.എം.ജി, വികാസ്ഭവൻ – 695 033.** | **എതിർകക്ഷികൾ** |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.09.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.10.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 05.11.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 30.11.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 09.12.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 09.12.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.എ.എച്ച്.ഹഫീസ്, 09.12.2015 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും പൂർണ്ണമായ വിവരം ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 15.09.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

I. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഓഫീസിലെ അധികാരതിർത്തിയിൽ 2002 ജനുവരി 1 മുതൽ 2010 ഡിസംബർ 31 വരെ ടിയാനെതിരെ രജിസ്റ്റർ ചെയ്ത പെറ്റിക്കേസുകൾ ഉൾപ്പെടെയുള്ള ക്രൈം കേസുകളുടെ എണ്ണം, ക്രൈം നമ്പർ, എസ്.റ്റി.നമ്പർ, കേസുകളിൽ ഉൾപ്പെടുത്തിയ വകുപ്പുകൾ എന്നിവ ഏതൊക്കെയാണ്?

II. ഇതിൽ എത്ര എണ്ണം റഫർ ചാർജ്ജ് നൽകി?

III. ചാർജ്ജു ചെയ്ത കേസുകളിൽ എത്ര എണ്ണം ശിക്ഷിച്ചു?

IV. ചാർജ്ജു ചെയ്ത കേസുകളിൽ എത്ര എണ്ണം വെറുതെവിട്ടു? തുടങ്ങിയ വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 15.09.2015 ന് സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് ടി ഓഫീസിനു കീഴിലുള്ള ഡിസ്ട്രിക്റ്റ് ക്രൈം റിക്കാർഡ് ബ്യൂറോയ്ക്ക് (ഡി.സി.ആർ.ബി) അപേക്ഷ കൈമാറുകയും ലഭ്യമായ വിവരങ്ങൾ അപ്പീൽ ഹർജിക്കാരന് നൽകുകയും ചെയ്തു. ടി മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ മറുപടി നൽകുന്നതിനായി ഡി.സി.ആർ.ബി യ്ക്ക് നൽകുകയും വിശദമായ റിപ്പോർട്ട് ഡി.സി.ആർ.ബി ലഭ്യമാക്കുകയും ടി റിപ്പോർട്ടിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുഖേന ടിയാന് നൽകിയ വിവരങ്ങളിൽ പിശകുണ്ടെന്ന് കാണിക്കുകയും ചെയ്തു. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ബോധപൂർവ്വമല്ല തെറ്റായ വിവരം നൽകാൻ ഇടയായതെന്നും ടി വിവരം വിശദമായി പരാമർശിച്ച് അപ്പീൽഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 29.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് തെറ്റായ വിവരമാണ് എതിർകക്ഷി നൽകിയിരിക്കുന്നത്. ആയത് വിവരാവകാശ നിയമപ്രകാരം ഗുരുതരമായ കൃത്യവിലോപമാണ്. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. എന്നാൽ ബോധപൂർവ്വമല്ല തെറ്റായ വിവരം നൽകിയതെന്നും വിവരം നൽകുന്നതിനുണ്ടായ സാഹചര്യം അപ്പീൽ ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും, നൽകുന്ന വിവരങ്ങളുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ പ്രസ്തുത ഓഫീസിലെ ഡി.സി.ആർ.ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ അനന്തര നടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 28–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM